റൂറൽ ഡിസ്പെൻസറികളിലെ ഡോക്ടർമാരുടെ നിയമനം

273 [326] [ശ്രീ. ടി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എല്ലാ റൂറൽ ഡിസ്പെൻസറികളിലും അവശ്യമായ ഡോക്ടർമാരെ നിയമിച്ചുകഴിഞ്ഞുവോ ;

(ബി) ഇല്ലെങ്കിൽ ഡോക്ടർമാർ ഇല്ലാത്ത ഡിസ്പെൻസറികൾ എത്രയുണ്ട് ;

(സി) വർഷങ്ങളായി ഡോക്ടർമാർ ഇല്ലാത്ത ഡിസ്പെൻസറികളിൽ എന്തുകൊണ്ട് ഡോക്ടർമാരെ നിയമിക്കുന്നില്ല ?

ഉത്തരം

(എ) ഏതാനും ചിലവയിലൊഴിച്ച് മറ്റെല്ലാ റൂറൽ ഡിസ്പെൻസറികളിലും ഡോക്ടർമാരെ നിയമിച്ചുകഴിഞ്ഞിട്ടുണ്ട്.

(ബി) കൊല്ലം ഡിസ്ട്രിക്ടിൽ രണ്ടും, ഇടുക്കിയിൽ നാലും, കോട്ടയത്ത് ഒന്നും, പാലക്കാട് മൂന്നും, കോഴിക്കോട് ഒന്നും, കണ്ണൂരിൽ അഞ്ചും വീതം റൂറൽ ഡിസ്പെൻസറികളിൽ ഇപ്പോൾ ഡോക്ടർമാർ ഇല്ല.

(സി) റൂറൽ ഡിസ്പെൻസറികളിൽ നിയമിക്കപ്പെടുന്ന ഡോക്ടർമാർ ഏതെങ്കിലും കാരണവശാൽ ജോലിയിൽ പ്രവേശിക്കുവാൻ കൂടുതൽ സമയം ആവശ്യപ്പെടുന്നതുകൊണ്ടോ, ജോലിക്ക് ഹാജരായവർതന്നെ ഉപരി പഠനത്തിനോ മറ്റോ അവധിയിൽ പോകുന്നതുകൊണ്ടോ ആണ് ചില തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത്.

ഇപ്പോൾ ഒഴിവുള്ള തസ്തികകളിൽ നിയമിക്കുവാൻ ആവശ്യമായ ഡോക്ടർമാരുടെ ലിസ്റ്റ് പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും കിട്ടിയാലുടൻതന്നെ നിയമനം നടത്തുന്നതാണ്.

ആയുർവ്വേദാശുപത്രിയിൽ ചികിൽസയിൽ കഴിയുന്ന രോഗിക്ക് ഭക്ഷണത്തിന് അനുവദിച്ച തുക

274 [327] [ശ്രീ. പി. ബി. ആർ. പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവ്വേദാശുപത്രിയിൽ ചികിൽസയിൽ കഴിയുന്ന ഒരു രോഗിക്ക് ഭക്ഷണത്തിനായി ഗവൺമെൻറ് അഗീകരിച്ചിരിക്കുന്നത് എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ ;

(ബി) കുറഞ്ഞപക്ഷം ഒരു രോഗിക്ക് ആയുർവ്വേദാശുപത്രിയിൽ 5 രൂപയുടെയെങ്കിലും ഭക്ഷണം ലഭിക്കുന്നതിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) പ്രതിദിനം രൂപ. 1.70.

(ബി) ഭക്ഷണത്തിന്റെ അളവ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly